ബാലസേവികമാർക്ക് ഓണത്തിനുള്ള ഫെസ്റ്റിവൽ അലവൻസോ, ബോണസ്സോ കൊടുക്കാതിരുന്നത്. ഈ ബാലവാടികയും നടത്തുന്ന സ്പോൺസറിംഗ് ഏജൻസികയും ഫെസ്റ്റിവൽ അലവൻസ് കൊടുക്കാനായി നിർദ്ദേശങ്ങളും സമിതി നൽകിയിട്ടുണ്ട്.

(ജി) ഇൻഡ്യൻ ശിശുക്ഷേമ സമിതി നടത്തുന്ന ഒരു വർഷത്തെ ബാലസേവിക പരിശീലനം പാസ്സായിരിക്കണം. അല്ലെങ്കിൽ കേരള സർക്കാർ നടത്തുന്ന ഒരു വർഷത്തെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കുള്ള പരിശീലനകോഴ്സ് പാസ്സായിരിക്കണം. ഗവൺമെന്റ് അംഗീകാരം കൊടുത്തിട്ടുള്ള നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് പാസ്സായിരിക്കണം.

(എച്ച്) ഇൻഡ്യൻ ശിശുക്ഷേമ സമിതി നിർദ്ദേശിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകളാണ് ഈ ബാലസേവികമാർക്ക് ബാധകമായിട്ടുള്ളത്.

മിശ്രവിവാഹിതർക്കുള്ള ധനസഹായം

1883 [2930] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്കുള്ള ധന സഹായപദ്ധതിയിൽ അർഹരായ എത്ര പേർക്ക് കണ്ണൂർ ജില്ലയിൽ 1986 മാർച്ച് 31 വരെ ധന സഹായം നൽകാനുണ്ട് ;

(ബി) ഇവർക്ക് ധനസഹായം നൽകാൻ ആകെ എത്ര രൂപ വേണ്ടിവരും ;

(സി) കണ്ണൂർ ജില്ലയിൽ നടുവിൽ പഞ്ചായത്തിൽ കുടിയാൻമല താമസം കെ. കെ. രാഘവൻ എന്നയാൾ മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിനായി നൽകിയ അപേക്ഷപ്രകാരം ധനസഹായം നൽകിയോ;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1986 മാർച്ച് 31-ൽ ആകെ 68 മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം നൽകുവാനുണ്ടായിരുന്നു.

(ബി) 1,36,000 രൂപ വേണ്ടിയിരുന്നു.

(സി) ഇല്ല.

(ഡി) വാർഷിക വരുമാനത്തിന്റെ കുറവനുസരിച്ചാണ് ധനസഹായം നൽകുന്നതിനു അപേക്ഷകർക്ക് മുൻഗണന നൽകുന്നത്. ശ്രീ. കെ. കെ. രാഘവന്റെ വാർഷിക വരുമാനത്തിൽ കുറഞ്ഞ വരുമാനമുള്ള അപേക്ഷകരും ഉണ്ടായിരുന്നതുകൊണ്ട് ബഡ്ജറ്റ് തുകയിൽ ചെലവൊതുക്കി ധനസഹായം നൽകിയപ്പോൾ ധനസഹായം ലഭിക്കുക ഉണ്ടായില്ല.

നിയമസഭാചോദ്യം—പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷനു ലഭിച്ച സാമ്പത്തിക സഹായം

1884 [2931] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷനു 'സ്റ്റോറേജ് പ്ലാൻ' അനുസരിച്ച് 1982 മുതൽ 1986 വരെ എത്ര ലക്ഷം രൂപ നൽകി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവിൽ കേന്ദ്ര സഹായമായി ലഭിച്ച തുക എത്ര;

(സി) ഇതിൽ എൻ. സി. ഡി. സി യുടെ സഹായമായി ലഭിച്ച തുക എത്ര?

ഉത്തരം

(എ) 56,67,960 രൂപ.

(ബി) 9,54,000 രൂപ.

(സി) 38,63,500 രൂപ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

II സ്പീക്കറുടെ പ്രസ്താവന

(1) ഇൻഡ്യ സന്ദർശിക്കുന്ന സോവിയറ്റ് നേതാവ് മിഖായേൽ ഗോർബച്ചേവിന് അഭിവാദ്യങ്ങൾ

മി. സ്പീക്കർ : ഹൃദയം നിറഞ്ഞ സൗഹൃദവുമായി സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽസെക്രട്ടറിയും, സോവി
9.30 A.M. യറ്റ് യൂണിയന്റെ പരമോന്നത നേതാവുമായ ശ്രീ. മിഖായേൽ ഗോർബച്ചേവ് നാല് ദിവത്തെ സന്ദർശനത്തിനായി ഇന്ന് ഇൻഡ്യയിൽ എത്തുകയാണ്. വർഷങ്ങളായി വളർന്ന് പുഷ്ടി പ്രാപിച്ച ഇൻഡോ-സോവിയറ്റ് സൗഹൃദം കൂടുതൽ അരക്കിട്ടുറപ്പിക്കാൻ ശ്രീ. ഗോർബച്ചേവിന്റെ സന്ദർശനം സഹായകരമായിത്തീരുമെന്നുള്ളതിൽ സംശയമില്ല. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രാഷ്ട്രാന്തരസഹകരണത്തിന്റെയും പ്രകാശദീപവുമായി ഭാരതമണ്ണിലെത്തുന്ന ശ്രീ. മിഖായേൽ ഗോർബച്ചേവിന്റെ സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉറ്റ ബന്ധത്തിന് പുതിയ മാനങ്ങൾ കണ്ടെത്തും. ലോകസമാധാനത്തിനും ലോകരാഷ്ട്രങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കും നിരായുധീകരണത്തിനും നമ്മുടെ പ്രിയങ്കരനായ പ്രധാനമന്ത്രി ശ്രീ രാജീവ് ഗാന്ധിയും സോവിയറ്റ് നേതാവും തമ്മിലുള്ള സമ്മേളനം പുതിയ മേഖലകൾ കണ്ടെത്തുമെന്നും, അവരുടെ ശ്രമങ്ങൾ വിജയസോപാനത്തിൽ എത്തിച്ചേരുമെന്നും പ്രത്യാശിച്ചുകൊണ്ട് നമുക്ക് അദ്ദേഹത്തിന് അഭിവാദനങ്ങളർപ്പിക്കാം.

(2) ശ്രീ. ജി. കാർത്തികേയൻ എം. എൽ. എ. യുടെ പരാമർശത്തെ സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നലെ സഭാ നടപടികൾ ഇടയ്ക്ക് നിർത്തിവച്ച് ചെയർ ചേമ്പറിലേക്ക് പോകുന്ന സന്ദർഭത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ചില പരാമർശനങ്ങൾ ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. കാർത്തികേയന്റെ ഭാഗത്തുനിന്നും ഉണ്ടായതായി ബഹുമാനപ്പെട്ട പല അംഗങ്ങളും ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മാന്യതയുള്ള ആരിൽനിന്നും പ്രതീക്ഷിക്കാവുന്ന പദപ്രയോഗങ്ങളല്ല അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ ആ പദപ്രയോഗങ്ങൾ അങ്ങേയറ്റം അപലപനീയമാണ്, അനുചിതമായിപ്പോയി!

LIBRARY ARCHIVES Kerala Legislative Assembly